ഉത്തരം

(എ) ഇല്ല.

(ബി) ക്ഷേത്ര വാദ്യകലകൾ പഠിപ്പിച്ചിരുന്ന കൊല്ലമ്പുഴ കോയിക്കൽ കൊട്ടാര ത്തിലെ ക്ഷേത്ര കലാപീഠത്തിൽ കുട്ടികളുടെ എണ്ണം കുറവായതിനാൽ രണ്ട് കലാപീഠങ്ങളിലുംകൂടി ക്ലാസ്സുകൾ നടത്തുന്നത് ദേവസ്വം ബോർഡിന് ഭാരിച്ച അധിക ചെലവ് ഉണ്ടാക്കുന്നു എന്നത് കണക്കിലെടുത്താണ് ടി ക്ഷേത്ര കലാപീഠം തുടരേണ്ടതില്ലെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് തീരുമാനമെടുത്തത്.

പുഞ്ചാറിലെ ശ്രീ സരസ്വതി ദേവീക്ഷേത്രത്തെ ശബരിമലയുടെ ഇടത്താവളമായി അനുവദിക്കാൻ നടപടി

133 (3567) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിൽ, പുഞ്ചാർ നിയോജകമണ്ഡലത്തിൽപ്പെട്ട ഇടച്ചോറ്റിയിലുള്ള കിഴക്കിന്റെ മൂകാംബിക എന്നറിയപ്പെടുന്ന ശ്രീ സരസ്വതി ദേവീ ക്ഷേത്രത്തിൽ അനേകം ഭക്തജനങ്ങൾ എത്തുകയും ഇവിടെ നിന്നും ശബരിമല സന്നിധാനത്തിലേക്ക് പുണ്യ തീർത്ഥാടനത്തിന് പോകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവിടെ അനേകായിരം അയ്യപ്പ ഭക്തന്മാർ എത്തി ശബരിമല പുണ്യ തീർത്ഥാടനം നടത്തുന്നതിനാൽ പ്രസ്തുത ക്ഷേത്രത്തെ ശബരിമലയുടെ ഇടത്താവളമായി അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഇടച്ചോറ്റിയിലുള്ള കിഴക്കിന്റെ മൂകാംബിക എന്നറിയപ്പെടുന്ന ശ്രീസരസ്വതി ദേവീക്ഷേത്രം ഒരുസ്വകാര്യ ക്ഷേത്രമാണ്. ടി ക്ഷേത്രത്തെ ശബരിമലയുടെ ഇടത്താവളമായി പ്രഖ്യാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ക്ഷേത്രകലാ അക്കാദമിയിൽ കോഴ്സുകൾ തുടങ്ങുന്നതിന് നടപടി

134 (3568) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ ക്ഷേത്രകലാ അക്കാദമി സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിക്കുകയും ഭരണ സമിതി രൂപീകരിക്കുകയും ചെയ്തെങ്കിലും ഇതുവരെ കോഴ്സുകൾ തുടങ്ങിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കോഴ്സുകൾ എപ്പോൾ തുടങ്ങുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly